ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:23-05-2024**

## പ്രധാനവാർത്തകൾ

1. **ആറാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള പരസ്യ പ്രചാരണത്തിന് സമാപനം. വോട്ടെടുപ്പ് ശനിയാഴ്ച.**
2. **മഴ ശക്തമാകുമെന്ന മുന്നറിയിപ്പിൻറെ പശ്ചാത്തലത്തിൽ എറണാകുളത്തും തൃശൂരും ഇന്ന് ചുവപ്പ് ജാഗ്രത. മലങ്കര ഡാമിൻറെ ഷട്ടറുകൾ തുറന്നു. കേരള തീരത്ത് മത്സ്യ ബന്ധനത്തിന് വിലക്ക്.**
3. **അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ആരോഗ്യ വകുപ്പ് ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി വീണാ ജോർജ്.**
4. **ആരോഗ്യകരമായ ഗാർഹിക അന്തരീക്ഷം ഉറപ്പാക്കാൻ വാർഡ് തല ബോധവൽക്കരണം ശക്തിപ്പെടുത്തുമെന്ന് വനിതാ കമ്മീഷൻ.**
5. **ഐപിഎൽ രണ്ടാം ക്വാളിഫയറിൽ നാളെ രാജസ്ഥാൻ റോയൽസ് - സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും.**

### പരസ്യ പ്രചാരണം

ആറാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണം അവസാനിച്ചു. നാളെ നിശബ്ദ പ്രചാരണമാണ്. 8 സംസ്ഥാനങ്ങ ളിലേയും

PRNU TVPM

കേന്ദ്ര ഭരണപ്രദേശങ്ങലിലേയും 58 ലോക്സഭാ മണ്ഡല ങ്ങളിലാണ് ആറാം ഘട്ടത്തിൽ വോട്ടെടുപ്പ്. 889 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. ശനിയാഴ്ചയാണ് വോട്ടെടുപ്പ്. അതെസമയം, മെയ് 20 ന് നടന്ന അഞ്ചാം ഘട്ടത്തിൽ ആകെ 62.20 ശതമാനം പോളിംഗ് രേഖപ്പെടുത്തിയതായി തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു.

## ലോക്സഭാ തിരഞ്ഞെടുപ്പ്

ലോക്സഭാ തിരഞ്ഞെടുപ്പിലെ അവസാനത്തെയും ഏഴാമത്തെയും ഘട്ട വോട്ടെടുപ്പിലേക്കുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമി ക്കുന്നു. രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. തിരഞ്ഞെടുപ്പ് പ്രചാരണത്തിൻറെ ഭാഗമായി പ്രധാനമന്ത്രിയും ബി ജെ പി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി ഇന്ന് പഞ്ചാബിലും ഹരിയാനയിലും പ്രചാരണ പരിപാടി കളിൽ പങ്കെടുത്തു. - കോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി ഹരിയാനയിൽ നടന്ന റോഡ് ഷോയിൽ സംബന്ധിച്ചു. ജൂൺ ഒന്നിനാണ് വോട്ടെടുപ്പ്.

RNUTVPM

## മഴ - ജില്ലകളിലൂടെ

സംസ്ഥാനത്ത് മഴ തുടരുന്നു. എറണാകുളം, തൃശൂർ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട ഉൾപ്പെടെ എട്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, നാലു ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തിങ്കളാഴ്ച വരെ മഴ തുടരുമെന്നും കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. തിരുവനന്തപുരം ജില്ലയിൽ വരും ദിവസങ്ങളിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇന്നും, നാളെയും മറ്റന്നാളും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മഴ തുടരുന്ന സാഹചര്യത്തിൽ ഇടുക്കി മലങ്കര ഡാമിൽ ഷട്ടറുകൾ 80cm വരെ ഉയർത്തി. തൊടുപുഴ ,മൂവാറ്റുപുഴ ആറുകളുടെ തീരത്തുള്ളവർ ജാഗ്രത പുലർത്തണം എന്ന് നിർദേശമുണ്ട്. പരമാവധി ജല നിരപ്പായ 41.50 മീറ്റർ വരെ വെള്ളം ഉയരുന്ന സാഹചര്യം ഉണ്ടായാൽ ഒരു മീറ്റർ വരെ ഷട്ടർ ഉയർത്തുന്നതിന് ജില്ലാ കളക്ടർ അനുമതി നല്കിയിട്ടുണ്ട്. കൊച്ചിയിൽ

ഉച്ചയ്ക്കുശേഷം സാമാന്യം ശക്തമായ മഴ പെയ്യുത് പല താഴ്ന്ന സ്ഥലങ്ങളിലും വെള്ളക്കെട്ടിന് കാരണമായി. കെഎസ്ആർടിസി ബസ്റ്റാൻഡ്, പനമ്പള്ളി നഗർ, കലൂർ, കാക്കനാട് ഇൻഫോപാർക്ക് ഉൾപ്പെടെ പല സ്ഥലങ്ങളിൽ വീടുകളിലും കടകളിലും വെള്ളം കയറി.

❁❁❁❁❁❁❁❁❁❁❁

## മഴ - കൊല്ലം (ഇൻട്രോ)

കൊല്ലം ജില്ലയിൽ കഴിഞ്ഞ രാത്രിയും ഇന്ന് ഉച്ചവരെയും സാമാന്യം ശക്തമായ മഴ ലഭിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ

## (ഹോൾഡ് വോയ്സ്)

RNU TVPM

❁❁❁❁❁❁❁❁❁❁❁

## മഴക്കെടുതി - കോഴിക്കോട്

ഇന്നലെ ഉണ്ടായ അതി ശക്തമായ മഴയിൽ കോഴിക്കോട് പന്തീരങ്കാവ് വില്ലേജിൽ കൊടൽ നടക്കാവ് Byepass Road-ൽ 50 മീറ്റർ നീളവും 6 മീറ്റർ ഉയരവുമുള്ള കോൺക്രീറ്റ് മതിൽ തകർന്ന് 4 വീടുകൾക്കും ക്ഷേത്ര ത്തിനും അംഗൻവാടിക്കും ഭാഗികമായി നാശനഷ്ടം ഉണ്ടായി. താമരശ്ശേരി താലൂക്ക് പനങ്ങാട് വില്ലേജിലെ മൂന്ന് വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് എട്ടുപേരെ അംഗണവാടിയിലേക്ക് മാറ്റി.

❁❁❁❁❁❁❁❁❁❁❁

## പഴശ്ശി ബാരേജ്

ഈ മാസം അവസാനത്തോടുകൂടി കാലവർഷം ആരംഭിക്കാനിട യുള്ളതിനാലും നിലവിൽ പഴശ്ശി ബാരേജിലെ ജലനിരപ്പ് ഉയരുന്ന തിനാലും ബാരേജിൻറെ ഷട്ടറുകൾ കാലവർഷത്തിനനുസരിച്ച് ഇനിയൊരറിയി പ്പില്ലാതെ തന്നെ തുറന്ന് ജലനിരപ്പ് ക്രമീകരിക്കുന്ന താണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁

## മഴക്കെടുതി- കൺട്രോൾ റൂം

സംസ്ഥാനത്ത് മഴയെ തുടർന്ന് പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു. തിരുവനന്തപുരം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം. വെള്ളക്കെട്ടുകൾ, പെട്ടെന്നുണ്ടായ പകർച്ചവ്യാധികൾ മറ്റ് ബുദ്ധിമുട്ടുകൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് 0471 2317214 എന്ന ഫോൺ നമ്പറിൽ വിളിച്ച് അറിയിക്കാം. നമ്പർ ഒരിക്കൽ കൂടി 0471-2317214

❁❁❁❁❁❁❁❁❁❁❁

## തോട്ടപ്പള്ളി പൊഴി

അടിയന്തര സാഹചര്യത്തിൽ ആലപ്പുഴയിലെ തോട്ടപ്പള്ളി പൊഴി മുറിക്കാൻ തീരുമാനം. ജില്ലയിൽ മഴക്കെടുതികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് വിളിച്ചുചേർത്ത യോഗത്തി ലാണ് തീരുമാനം.

RNU TVPM

❁❁❁❁❁❁❁❁❁❁❁

## ഉയർന്ന തിരമാല ജാഗ്രത

കേരള തീരത്ത് വിഴിഞ്ഞം മുതൽ കാസർഗോഡ് വരെ നാളെ അർദ്ധ രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യത യുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശ വാസികളും ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശമുണ്ട്. ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കു ന്നതിനാൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ കേരള തീരത്ത് നിന്ന് കടലിൽ പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്. കർണാടക, ലക്ഷദ്വീപ് തീരങ്ങളിലും മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

❁❁❁❁❁❁❁❁❁❁❁

## മഴ – മുഖ്യമന്ത്രി

സംസ്ഥാനത്ത് ശക്തമായ മഴയെ തുടർന്ന് മലവെള്ളപ്പാച്ചിലും മിന്നൽ പ്രളയവും ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും അദ്ദേഹം പറഞ്ഞു. അപകടാവസ്ഥ മുന്നിൽ കാണുന്നവർ അധികൃതരുമായി ബന്ധപ്പെട്ട് സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് സുരക്ഷാ മുൻ കരുതലിന്റെ ഭാഗമായി മാറി താമസിക്കണം. സംസ്ഥാനത്തൊ ട്ടാകെ 8 ക്യാമ്പുകളിലായി 223 പേരെ മാറ്റി താമസിപ്പിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁

## വനിതാ കമ്മിഷൻ

ആരോഗ്യകരമായ ഗാർഹികാന്തരീക്ഷം ഉറപ്പാക്കാൻ വാർഡ്തല ബോധവത്ക്കണം ശക്തിപ്പെടുത്തുമെന്ന് സംസ്ഥാന വനിതാ കമ്മിഷൻ അധ്യക്ഷ പി. സതീദേവി. കാസർകോട് കളക്ടറേറ്റിൽ സിറ്റിംഗിനു ശേഷം സംസാരിക്കുകയായിരുന്നു അവർ .വാർഡ്തല ജാഗ്രതാ സമിതികളിലൂടെ കുടുംബത്തക്കുറിച്ചും ഭാര്യാ ഭർത്തൃ ബന്ധങ്ങളെക്കുറിച്ചും വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കേ ണ്ടതു സംബന്ധിച്ചും ബോധവത്ക്കരണം നടത്തും.

❁❁❁❁❁❁❁❁❁❁❁

## അനധികൃത അവധി- വീണ ജോർജ്

അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ആരോഗ്യ വകുപ്പ് ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. ജില്ലകളിൽ അനധികൃതമായി അവധിയിലുള്ള ജീവനക്കാരുടെ വിവരങ്ങൾ അടുത്ത 5 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാൻ നിർദേശം നൽകിയ മന്ത്രി സർവീസിൽ തിരികെ പ്രവേശിക്കാൻ താത്പര്യമുള്ളവർ ഒരാഴ്ചയ്ക്കകം ജോലിയിൽ തിരികെ പ്രവേശിക്കണമെന്ന് പൊതു അറിയിപ്പ് നൽകാനും നിർദേശിച്ചു.

❁❁❁❁❁❁❁❁❁❁❁

## ഐ പി എൽ

PNU TVPM

ഐപിഎൽ ക്രിക്കറ്റിൽ രണ്ടാം ക്വാളിഫയറിൽ നാളെ രാജസ്ഥാൻ റോയൽസ് സൺറൈസേഴ്സ് ഹൈദരാബാദുമായി ഏറ്റുമുട്ടും. ചെന്നൈയിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁

## വയനാട് - ആന കണക്കെടുപ്പ് (ഇൻട്രോ)

വയനാട് ജില്ലയിൽ ആനകളുടെ കണക്കെടുപ്പ് ഇന്ന് മുതൽ ആരംഭിച്ചു. സംസ്ഥാന വ്യാപകമായി കണക്കെടുപ്പിൻറെ ഭാഗമായാണ് ഇന്ന് മുതൽ ശനിയാഴ്ച വരെ ജില്ലയിലും കണക്കെടുപ്പ് നടത്തുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്

(ഹോൾഡ് വോയ്സ്)

RNU TVPM

❁❁❁❁❁❁❁❁❁❁❁

## വിമാനത്താവളം- കരിപ്പൂർ

പ്രതികൂല കാലവസ്ഥയെ തുടർന്ന് കരിപ്പൂർ വിമാനത്താവളത്തിൽ നിന്നുള്ള മൂന്ന് വിമാനങ്ങൾ റദ്ദാക്കി. ഇന്ന് രാത്രി പുറപ്പെടേണ്ട എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളാണ് റദ്ദാക്കിയത്. ഇന്ന് രാത്രി 8.35ന് പുറപ്പെടേണ്ട കോഴിക്കോട് റിയാദ് എയർഇന്ത്യ എക്സ്പ്രസ്സ് ,10.05 പുറപ്പെടേണ്ട കോഴിക്കോട് അബുദാബി എക്സ്പ്രസ്, രാത്രി 11.10ന് പുറപ്പെടേണ്ട കോഴിക്കോട് മസ്കറ്റ് എക്സ്പ്രസ് എന്നിവയാണ് റദ്ദാക്കിയത്.

❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁
❁❁❁❁